I ഇ.ബി. XIV - കേരള നിയമസഭ/IX-1

**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

2018 ജനുവരി 22, തിങ്കൾ

പതിനാലാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനം 2018 ജനുവരി 22-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് നിയമസഭാ ഹാളിൽ ആരംഭിച്ചു.

**ഗവർണ്ണറുടെ പ്രസംഗം**

നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിൽ രാവിലെ 8.52-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണ്ണർ റിട്ട. ജസ്റ്റിസ്. പി. സദാശിവത്തെ ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, പാർലമെന്ററികാര്യ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് സ്വീകരിച്ച് നിയമസഭാ ഹാളിലേയ്ക്ക് ആനയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ ആഗമനം ചീഫ് മാർഷൽ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ ഹാളിൽ പ്രവേശിച്ച ഉടനെ സഭാംഗങ്ങൾ എഴുന്നേറ്റുനിന്ന് ഗവർണ്ണറെ സ്വാഗതം ചെയ്തു. തുടർന്ന് ഗവർണ്ണറുടെ

അംഗരക്ഷകൻ, നിയമസഭാ സെക്രട്ടറി, സ്പീക്കർ, ഗവർണ്ണർ, മുഖ്യമന്ത്രി, പാർലമെന്ററികാര്യ വകുപ്പുമന്ത്രി, ഗവർണ്ണറുടെ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നീ ക്രമത്തിൽ നിയമസഭാ ഹാളിലേയ്ക്ക് പ്രവേശിച്ചു.

ബഹുമാന്യരായ ഗവർണ്ണറും സ്പീക്കറും അദ്ധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ പോലീസ് ബാന്റ് ദേശീയഗാനവാദനം മുഴക്കി.

ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്ത് ഉപവിഷ്ടനായി.

('ഓഖി' ദുരന്തത്തിന് പിരിച്ചെടുത്ത ഫണ്ട് ബഹു. മുഖ്യമന്ത്രി ദുർവിനിയോഗം ചെയ്തുവെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം അവരവരുടെ സീറ്റുകളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

ബഹുമാനപ്പെട്ട ഗവർണ്ണർ രാവിലെ 9.00 മണിക്ക് പ്രസംഗം ആരംഭിച്ചു.

ഗവർണ്ണർ പ്രസംഗം രാവിലെ 10.30-ന് പൂർത്തിയാക്കി.

പ്രസംഗം പൂർത്തിയാക്കിയതിനുശേഷം ഗവർണ്ണർ ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ വീണ്ടും പോലീസ് ബാന്റ് ദേശീയഗാനവാദനം മുഴക്കി.

തുടർന്ന് ബഹുമാനപ്പെട്ട ഗവർണ്ണറെ ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി,

പാർലമെന്ററികാര്യ വകുപ്പുമന്ത്രി, നിയമസഭാ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർ ചേർന്ന് നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേയ്ക്ക് അനുഗമിച്ച് യാത്രയാക്കി.

ഗവർണ്ണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശാനുസരണം ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പി നിയമസഭാ സാമാജികർക്കും പത്രപ്രവർത്തകർക്കും വിതരണം ചെയ്തു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2018 ജനുവരി 25-ാം തീയതി ആരംഭിക്കുന്നതാണെന്നും പ്രമേയത്തിന് ഭേദഗതികൾ നൽകാനുദ്ദേശിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ 2018 ജനുവരി 23-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് മുമ്പായി പ്രസ്തുത ഭേദഗതികൾ നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണെന്നും ബഹു. സ്പീക്കർ സഭയെ അറിയിച്ചു.

സഭ രാവിലെ 10.38-ന് പിരിഞ്ഞു.